# പതിനാലാം കേരള നിയമസഭ
# (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1316** **10.08.2017-ൽ മറുപടിയ്ക്ക്**

## മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | |
|---|---|
| എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടു ണ്ട്. 2016-17 സാമ്പത്തിക വർഷം വിവിധ മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളുടെ ഉൽപാദനശേഷി 362 ലക്ഷം മത്സ്യകുഞ്ഞുങ്ങൾ ആയിരുന്നു. എന്നാൽ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മത്സ്യവിത്ത് ഫാമുകൾ പുനരുദ്ധരിച്ചുകൊ ണ്ട് നടപ്പ് സാമ്പത്തിക വർഷം 514 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്. കൂടാതെ കാർപ്പ് മത്സ്യവിത്ത് ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊ ണ്ട് ആലപ്പുഴ ജില്ലയിലെ എടത്വാ മത്സ്യഫാമിൽ മത്സ്യങ്ങളുടെ ബ്രൂഡ് ബാങ്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടു ണ്ട്. മത്സ്യങ്ങളുടെ കൂടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കടൽ മത്സ്യങ്ങളായ പൊമ്പാനോ (വളവോടിവറ്റ), മോത, നരിമീൻ എന്നിവയുടെ വിത്ത് റിയറിംഗ് ഫാം, തൃശ്ശൂർ ജില്ലയിലെ അഴീക്കോട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടു ണ്ട്. ഇത്തരത്തിലുള്ള ഒരു മത്സ്യഉല്പാദന കേന്ദ്രം വർക്കലയിലെ ഓടയത്ത് സ്ഥാപിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കടൽ മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിന് 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാറിന് സമർപ്പിച്ചിട്ടു ണ്ട്. |
| ബി) ഇതിന്റെ ഭാഗമായി നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ | ബി) ഉണ്ട്. മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തി |

| | | | |
|---|---|---|---|
| | ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | ന്റെ ഭാഗമായി നിലവിലുളള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം, ഉൾനാടൻ മത്സ്യവികസനത്തിൽ ഉൾപ്പെടുത്തി നിലവിലുളള മത്സ്യവിത്ത് ഫാമുകളും ഹാച്ചറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർക്കലയിലെ ഓടയത്ത് ഓരുജല മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 900 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇപ്രകാരം 2017-18 വർഷത്തിൽ ആകെ 1700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | തീരക്കടലിലെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ? | സി) | 2017-18 സാമ്പത്തിക വർഷത്തിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുതുക്കുറിച്ചി മത്സ്യഗ്രാമത്തിന് സമീപവും, കരികുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുതുറ ഫിഷിംഗ് വില്ലേജിലുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 120 കൃത്രിമപ്പാരും (Trapezodical RCC Module) 70 RCC പൈപ്പും ഉൾപ്പെടുന്ന യൂണിറ്റാണ് രണ്ട് സ്ഥലത്തും നിക്ഷേപിക്കുന്നത്. ആയതിനു വേണ്ടി 25 ലക്ഷം രൂപ ആദ്യ ഗഡുവായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ആഫീസർ**